**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4188** **25.06.2018 ലെ മറുപടി**

**<u>പഴയ പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കാസർഗോഡ് നഗരസഭയിലെ വിവിധ വാർഡുകളിൽ ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ച പൈപ്പുകൾക്ക് എത്രകാലത്തെ പഴക്കമുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ഏകദേശം 40 വർഷത്തെ പഴക്കമുണ്ട്. |
| ബി) നഗരത്തിന്റെ ഹൃദയഭാഗങ്ങളിലും വിവിധ വാർഡ് പ്രദേശങ്ങളിലും വെള്ളം ഒലിച്ചുപോകുന്നത് നിത്യ കാഴ്ചയാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | കാസർഗോഡ് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലും വാർഡുകളിലും പൈപ്പുകളുടെ കാലപ്പഴക്കം കാരണമുള്ള ചോർച്ച മൂലം ജലനഷ്ടം സംഭവിക്കുന്നുണ്ട്. |
| സി) പഴകി ജീർണ്ണിച്ച പൈപ്പുകളിലൂടെ കുടിവെള്ളം പാഴായിപോയിട്ടും എന്തു കൊണ്ടാണ് പൈപ്പുകൾ മാറ്റാൻ നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ; | സി) | സ്റ്റേറ്റ് പ്ലാൻ, കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പഴയ പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ പല പൈപ്പുകളും ടാർ/ കോൺക്രീറ്റ് റോഡിന്റെ അടിയിലായതിനാൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് റിപ്പയർചെയ്യുന്നതിന് താമസം നേരിടുന്നുണ്ട്. |
| ഡി) കാസർഗോഡ് നഗരത്തിലെ മുഴുവൻ പൈപ്പുകളും മാറ്റി പുതിയവ സ്ഥാപിക്കാൻ എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | വിശദമായ സർവ്വെ നടത്തിയാൽ മാത്രമെ കാസർഗോഡ് നഗരത്തിലെ മുഴുവൻ പൈപ്പുകളും മാറ്റി പുതിയവ സ്ഥാപിക്കാൻ വരുന്ന ചിലവ് കണക്കാക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ